പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 160 17-12-2012-ൽ മറുപടിയ്ക്ക്

<u>വർഗ്ഗീയതയുടെ വളർച്ച</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബാബു എം. പാലിശ്ശേരി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ വർഗ്ഗീയാ സ്വാസ്ഥ്യം വളരുകയാണെന്ന സംസ്ഥാന ഡി.ജി.പി.മാരുടെ സമ്മേളനത്തിലെ പ്രധാനമന്ത്രിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രധാനമന്ത്രിയുടെ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് വർഗ്ഗീയവികാരം ഇളക്കിവിടാൻ നടത്തുന്ന ശ്രമങ്ങളെ സംബന്ധിച്ചും, ഇത്തരമൊരു നിരീക്ഷണം നടത്താനിടയായ സാഹചര്യം സംബന്ധിച്ചും വിലയിരുത്തുകയുണ്ടായോ; | (ബി) സംസ്ഥാനത്തെ ചില ജില്ലകളിൽ എല്ലാ സംഭവങ്ങളെയും വർഗീയ പശ്ചാത്തലത്തിൽ നോക്കിക്കാണുന്ന ഒരു സ്വഭാവം വളർന്നുവരുന്നുണ്ട്. പലപ്പോഴും രാഷ്ട്രീയ സംഭവങ്ങളിലും മറ്റു കാര്യങ്ങളിലും വർഗീയ അടിസ്ഥാനത്തിലുള്ള ഇടപെടലുകളും കാണുന്നുണ്ട്. ഏതു നിസ്സാര സംഭവവും വർഗീയവൽക്കരിക്കാനുള്ള ശ്രമങ്ങളും ഉണ്ട്. ഇത്തരം സംഭവങ്ങളെപ്പറ്റി കേന്ദ്ര സർക്കാരിനു ലഭിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കാം ബഹു. പ്രധാനമന്ത്രി ഇങ്ങനെ അഭിപ്രായപ്പെട്ടത് എന്ന് കരുതുന്നു. |
| (സി) കേരളത്തിന്റെ മഹത്തായ മതനിരപേക്ഷ പാരമ്പര്യത്തെ കാത്തുസൂക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തെ നിലനിർത്താൻ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും അകമഴിഞ്ഞ പിന്തുണ തുടർച്ചയായി ആവശ്യമുണ്ട്. താൽക്കാലിക രാഷ്ട്രീയ ലാഭം നോക്കി പ്രശ്നങ്ങളെ വർഗീയവൽക്കരിക്കാൻ ശ്രമിക്കാതിരിക്കുകയും സമുദായങ്ങൾ തമ്മിലുള്ള സ്പർദ്ധ ഇല്ലാതാക്കി പരസ്പര വിശ്വാസവും മതസൗഹാർദ്ദവും ഊട്ടി ഉറപ്പിക്കാനുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ